# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 83 | 30.11.2015-ലെ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി നടപ്പാക്കൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ഡോ.ടി.എം.തോമസ് ഐസക് | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ)<br><br>(ബി) | ചരക്ക് സേവന നികുതി നടപ്പാക്കുന്നത് സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിൽ പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;<br><br>ഗുണദോഷഫലങ്ങൾ സംബന്ധിച്ച വിലയിരുത്തലുകൾ വിശദമാക്കുമോ; | (എ)<br>&<br>(ബി) | ഇപ്പോൾ നിലവിലുള്ള കേരള മൂല്യ വർദ്ധിത നികുതി നിയമത്തിനും, കേന്ദ്ര സർവീസ് ടാക്സ് നിയമത്തിനും കീഴിൽ ഉള്ളവർ ചരക്ക് സേവന നികുതി നിയമത്തിന്റെ പരിധിയിൽ വരും. വാർഷിക വിറ്റ് വരവ് പരിധി പത്ത് ലക്ഷം രൂപ ആയി നിജപ്പെടുത്തിയാണ് ചർച്ചകൾ പുരോഗമിക്കുന്നത്. നികുതി നിരക്കുകളെ സംബന്ധിച്ച് ഇപ്പോഴും തീരുമാനം ആയിട്ടില്ല. ഇപ്പോഴുള്ള നികുതി ഒഴിവുകൾ തുടരുവാനാണ് സാദ്ധ്യത. ചരക്ക് സേവന നികുതിയിൽ നിലവിലുള്ള വിവിധ നികുതി നിയമങ്ങളുടെ ലയനവും, പുന:ക്രമീകരണവുമാണ് പൊതുവായി ഉദ്ദേശിച്ചിട്ടുള്ളത്. അതിനാൽ നികുതി നിരക്കിന്റെ കാര്യത്തിലല്ലാതെ, മറ്റ് കാര്യങ്ങളിൽ വ്യാപാര നിർമ്മാണ മേഖലകളിൽ നിലവിലെ സ്ഥിതിയിൽ നിന്നും മാറ്റം പ്രതീക്ഷിക്കുന്നില്ല. കരട് നിയമവും ചട്ടങ്ങളും പൊതു ജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തിയ ശേഷം, വിവിധ വ്യാപാര സംഘടനകളും/സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത ശേഷം മാത്രമേ ഇക്കാര്യത്തിൽ അഭിപ്രായ രൂപീകരണം സാദ്ധ്യമാകൂ എന്നാണ് നിലപാട്. |
| (സി) | ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ജി.എസ്.ടി സംസ്ഥാനത്തിന് ഗുണകരമാകുന്നതെങ്ങനെയെന്ന് | (സി) | പ്രാപ്യ സ്ഥാനത്ത് നികുതി ലഭിക്കുന്ന സമ്പ്രദായമായതിനാലും സർവീസ് മേഖല കൂടി ഉൾപ്പെട്ട നികുതി ഘടനയായതിനാലും |

| | | | |
|---|---|---|---|
| | വിശദമാക്കുമോ; | | ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ വരുമാനത്തിൽ ചരക്ക് സേവന നികുതി നേട്ടമാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, ഉത്പാദകൻ മുതൽ അവസാന ഉപഭോക്താവ് വരെയുള്ള ഒരു തുടർശൃംഖല സൃഷ്ടിച്ച് മുഴുവൻ ശൃംഖലയിലും സെറ്റ് ഓഫ് ലഭിക്കുന്ന വിധത്തിലാണ് ചരക്ക് സേവന നികുതി രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഇതിനായി ഉത്പന്നങ്ങളുടെയും സേവനങ്ങളുടേയും മേൽ നിലവിലുള്ള കേന്ദ്ര സംസ്ഥാന നികുതികൾ ഏകീകരിക്കുന്നതാണ്. അതിനാൽ ചരക്ക് സേവന നികുതി നടപ്പിലാക്കുമ്പോൾ നികുതിക്ക് മേൽ നികുതി എന്ന അവസ്ഥ മാറുന്നതിനാൽ ഉത്പന്നങ്ങളുടെ മേലുള്ള നികുതി ഭാരം ഗണ്യമായി കുറയുമെന്നും അതു വഴി അവശ്യ സാധനങ്ങളുടെ വില കുറയുമെന്നും പ്രതീക്ഷിക്കുന്നു. പക്ഷെ ഇതു സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ആശങ്കകൾ അകറ്റുന്നതിന് ആവശ്യമായ ഭേദഗതി ചർച്ചകളിലൂടെ വരുത്തണമെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. |
| (ഡി) | കേന്ദ്ര ഗവൺമെന്റ് അയച്ചുതന്ന മോഡൽ നിയമനിർദ്ദേശം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; എന്തെല്ലാം നിലയിലുള്ള ഭേദഗതികളോടുകൂടിയാണ് സംസ്ഥാന സർക്കാർ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്? | (ഡി) | കരട് നിയമം പ്രസിദ്ധപ്പെടുത്തിയിട്ടില്ല. എംപവേർഡ് കമ്മിറ്റി കരട് നിയമം ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**